RCS/2830/2020-CP(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ
തിരുവനന്തപുരം, തീയതി: 12.06.2020
വെബ് സൈറ്റ്-www.cooperation.kerala.gov.in
ഇ-മെയിൽ: keralarcs.coop@kerala.gov.in
ടെലിഫോൺ: 0471-2330726/2331891

## സർക്കുലർ നമ്പർ: 50/2020

വിഷയം: സഹകരണ വകുപ്പ്- നന്ദിയോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1161- ബാങ്കിന്റെ കീഴിലുള്ള കോക്കനട്ട് കോംപ്ലക്സിൽ ഉൽപ്പാദിപ്പിക്കുന്ന വെളിച്ചെണ്ണയുടെ വിപണനം സഹകരണ സംഘങ്ങളിലൂടെയും സഹകരണ സ്റ്റോറുകളിലൂടേയും നടത്തുന്നതിന് അനുമതി നൽകുന്നത്-സംബന്ധിച്ച്

സൂചന : തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ(ജനറൽ) ടെ 6.3.2020 ലെ സി.ആർ.പി(2)1251/2020 നമ്പർ കത്ത്

നെടുമങ്ങാട് താലൂക്കിൽ നന്ദിയോട് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സ്പെഷ്യൽ ഗ്രേഡ് പ്രാഥമിക വായ്പാ സഹകരണ സംഘമായ നന്ദിയോട് സർവ്വീസ് സഹകരണ ബാങ്കിന്റെ ബൃഹത് സംരംഭമായ കോക്കനട്ട് കോംപ്ലക്സ് നന്ദിയോട് താന്നിമൂട്ടിൽ 2018 ൽ പ്രവർത്തനമാരംഭിച്ചിട്ടുള്ളതാണ്. ബഹു. കേരള സർക്കാരിന്റെയും എൻ.സി.ഡി.സി യുടേയും ധനസഹായത്തോടെ ആരംഭിച്ച ടി സംരംഭത്തിന് ദിനം പ്രതി അറുപതിനായിരം തേങ്ങ കൊപ്രയാക്കി വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കാൻ ശേഷിയുണ്ട്. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന വെളിച്ചെണ്ണയുടെ ഗുണമേന്മ ലാബ് ടെസ്റ്റുകളിലൂടെ ഉറപ്പ് വരുത്തി 'ഗ്രീൻ ഡ്യൂ' എന്ന ബ്രാൻഡിലാണ് അറിയപ്പെടുന്നത്.

പ്രസ്തുത സംരംഭത്തിൽ വലിയ തോതിൽ ഉൽപ്പാദനവും വിപണനവും നടന്നാൽ മാത്രമേ ഈ പ്രോജക്ട് ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയുകയുള്ളു. ആയതിനാൽ തിരുവനന്തപുരം ജില്ല മുതൽ എറണാകുളം ജില്ല വരെയുള്ള സഹകരണ സംഘങ്ങൾ ഈ ഉൽപ്പന്നം വാങ്ങി വിൽപ്പന നടത്തുന്നതിലൂടെ ടി ബ്രാൻഡ് വെളിച്ചെണ്ണയുടെ വിപണനം

വർദ്ധിപ്പിക്കുകയും അപ്രകാരം ടി സംരംഭത്തിന് ഒരു കൈത്താങ്ങാവുകയും ചെയ്യുമെന്ന് സൂചന പ്രകാരം തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ നന്ദിയോട് സർവ്വീസ് സഹകരണ ബാങ്കിന്റെ കോക്കനട്ട് ഉൽപ്പന്നമായ 'ഗ്രീൻ ഡ്യൂ' എന്ന വെളിച്ചെണ്ണയുടെ വിപണനം ത്വരിതപ്പെടുത്തുന്നതിനായി തിരുവനന്തപുരം ജില്ല മുതൽ എറണാകുളം ജില്ല വരെയുള്ള സഹകരണ സംഘങ്ങൾക്ക് 'ഗ്രീൻ ഡ്യൂ' എന്ന വെളിച്ചെണ്ണ വാങ്ങി വിപണനം നടത്തുന്നതിന് അനുമതി നൽകുന്നു.

ഒപ്പ്
നരസിംഹഗരി.റ്റി.എൽ റെഡ്ഡി ഐ.എ.എസ്
**സഹകരണ സംഘം രജിസ്ട്രാർ**

**പകർപ്പ്**

1) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
2) ജോയിന്റ് രജിസ്ട്രാർ(ജനറൽ), തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകൾ
3) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലെ സഹകരണ സംഘങ്ങൾ
4) സഹകരണ വീഥി (പ്രസിദ്ധീകരണത്തിന് )
5) സഹകരണ ജർണൽ (പ്രസിദ്ധീകരണത്തിന് )
6) വെബ് സൈറ്റ്(പ്രസിദ്ധീകരണത്തിന് )
7) സ്റ്റോക്ക് ഫയൽ/സ്പെയർ

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ(സി.പി)